# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**21.06.2018 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. **316**

## നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം മൂലമുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) 02.12.2016 തീയതിയിലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും നേരിയ വില വർദ്ധന ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ആറ്റുമണലിന്റെ ക്ഷാമംമൂലം കേരളത്തിലെ നിർമ്മാണ മേഖലയിൽ ഒരുപരിധിവരെ നിർമ്മാണത്തിനായി കരിങ്കല്ല് പൊടിച്ച് നിർമ്മിക്കുന്ന എം.സാന്റ് ആണ് ഉപയോഗിച്ചുപോന്നിരുന്നത്. എന്നാൽ പാറമണൽ നിർമ്മിക്കുന്ന ക്രഷറുകളിൽ കരിങ്കല്ലിന്റെ ലഭ്യത കുറയുകയും തന്മൂലം എം. സാന്റിന്റെ നിർമ്മാണം കുറയുകയും ചെയ്തു. കൂടാതെ, നദികളിൽ നിന്നും മണൽ വാരുന്നതിനായും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതിനാൽ നദികളിൽ നിന്നും മണൽ വാരുവാൻ കഴിയാത്ത സാഹചര്യമുണ്ടായി. 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽ നിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിന്നു മാത്രമേ കളിമൺ ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ. കളിമണ്ണിന്റെ ലഭ്യതക്കുറവ് സംസ്ഥാനത്തെ ഓട്/ ഇഷ്ടിക നിർമ്മാണ മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, സംസ്ഥാനത്തുണ്ടായ കെട്ടിട, |

റോഡ്, നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥി തിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യേയും ജില്ലാതല അപഗ്രഥന സമിതി (DEAC) യേയും പ്രവർത്തന ക്ഷമമാക്കി.
2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീക രിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.
3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതി ലേയ്ക്ക് 22.06.2017 ലെ സ.ഉ(പി) 25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കു കയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുമുണ്ട്.
4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
5. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന ചട്ടം ഒഴിവാക്കി.
6. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്ന തിന് മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടു വിച്ചിട്ടുണ്ട്.

7. തിരഞ്ഞെടുത്ത ഡാമുകളിൽ നിന്നും മണൽ /ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.
8. അന്യ സംസ്ഥാനത്ത് നിന്നും / വിദേശത്തുനിന്നും കരിങ്കല്ല്/മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
9. കേരളത്തിൽ സിമന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ ആണെന്ന പരാതിയെ തുടർന്ന് ബഹു. മുഖ്യമന്ത്രി, വ്യവസായ മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉത്പാദകരുടെ യോഗം വിളിക്കുകയും സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.
10. ക്വാറി ഉത്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
11. 09.03.2018 ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.
12. 2008 ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ്) നികത്തപ്പെട്ട ഭൂമിയിൽ നിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.)-യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ഇ.സി.യുടെ റിപ്പോർട്ട്

പ്രകാരം കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകുന്നതിന് തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അയൽ സംസ്ഥാനങ്ങളിൽ നിന്ന് മണൽ ഇറക്കുമതി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മണലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് മണൽ അന്യസംസ്ഥാനത്തുനിന്നും വിദേശത്തുനിന്നും കൊണ്ട് വരുന്നതിനു 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമോ, 2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരമോ നിലവിൽ തടസ്സമില്ല. അന്യ സംസ്ഥാനത്തു നിന്നും / വിദേശത്തുനിന്നും മണൽ സുഗമമായി ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 20.02.2018 തീയതിയിലെ 57/എ 3/2018/വ്യവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവർത്തനരഹിതമായ പാറമടകൾ തുറന്നു പ്രവർത്തിക്കാൻ കഴിഞ്ഞാൽ എം. സാന്റിനായുള്ള ക്ഷാമം ഒരുപരിധിവരെ പരിഹരിക്കപ്പെടുന്നതാണ്.

(സി) പുതിയ മണൽ നയം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പുതിയ മണൽ നയം കൊണ്ടുവരുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടില്ല. മൂന്ന് വർഷം കൂടുമ്പോൾ സംസ്ഥാനത്തെ നദികളിലെ മണലിന്റെ ലഭ്യത സംബന്ധിച്ച് സാൻഡ് ഓഡിറ്റ് നടത്താറുണ്ട്. മണലിന്റെ ലഭ്യത അനുസരിച്ച് പാരിസ്ഥിതികാനുമതി കരസ്ഥമാക്കുന്ന മുറയ്ക്കാണ് മണൽ വാരുന്നതിന് അനുമതി നൽകി വരുന്നത്. കരമണൽ ഖനനം ചെയ്യുന്നതിനും പാരിസ്ഥിതി കാനുമതി നിർബന്ധമാണ്. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമാണ് കരമണൽ ഖനനം ചെയ്യുന്നതിന് അനുമതി നൽകിവരുന്നത്.

(ഡി) സിമന്റ്, കമ്പി, പെയിന്റ് തുടങ്ങിയവയുടെ വില കമ്പനികൾ ഏകപക്ഷീയമായി ഉയർത്തുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് സാധിക്കുമോ; എങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

(ഡി) കമ്പി, പെയിന്റ് തുടങ്ങിയവയുടെ വില കമ്പനികൾ ഏകപക്ഷീയമായി ഉയർത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിൽ സിമന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ ആണെന്ന പരാതിയെ തുടർന്ന് 13.09.2017 തീയതിയിൽ ബഹു. മുഖ്യമന്ത്രിയും 29.07.2016, 10.05.2017 തീയതികളിൽ വ്യവസായ വകുപ്പ് മന്ത്രിയും സിമന്റ് ഉത്പാദകരുടെയും സിമന്റ് ഡീലർമാരുടെയും യോഗം വിളിച്ച് സിമന്റ് വില വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. പൊതു മേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ്, സിമന്റിന്റെ വില കഴിഞ്ഞ വർഷത്തേക്കാൾ കുറച്ചിട്ടുണ്ട്. വെള്ള സിമന്റ്

ഉൽപാദിപ്പിച്ചിരുന്ന പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ സിമന്റ്സും ഒരു വർഷമായി വിലവർദ്ധിപ്പിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ